**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T1386** | **06-02-2020 ൽ മറുപടിക്ക്**

**കിഴക്കേക്കോട്ടയിലെ അനധികൃത കൈയ്യേറ്റം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ.എം. ഷാജി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| കിഴക്കേക്കോട്ടയിലെ സംരക്ഷിത കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കൈയ്യേറ്റ ഭൂമിയായ 72.250 സെന്റ് ഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് തിരിച്ച് പിടിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്ത് പ്രാവർത്തിക നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | ഉണ്ട്. വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെ.എസ്.ആർ.ടി.സി. വക 72.250 സെന്റ് സ്ഥലത്തിലെ കൈയ്യേറ്റത്തിൽ ഉൾപ്പെട്ട 20 ചെറുകിട കച്ചവടക്കാരെ മാനുഷിക പരിഗണന നൽകി പുനരധിവസിപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. അതനുസരിച്ചുള്ള പുനരധിവാസപ്രക്രിയകൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**